പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. T 779 — 16.07.2014-ൽ മറുപടിയ്ക്ക്

## വൈദ്യുതി പോസ്റ്റുകളിലെ പരസ്യ ബോർഡുകൾ

ചോദ്യം

ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെൻറ് :

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| (എ) | നഗരസഭാ പരിധികളിലുള്ള വൈദ്യുതി പോസ്റ്റുകളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് ഉള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) & (ബി) കേരള സർക്കാരിൻെറയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടുകൂടിയുള്ള Clean Kerala Company Limited എന്ന കമ്പനി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി സഹകരിച്ച് കൊണ്ട് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഒരു പദ്ധതിയുടെ feasibility report ബോർഡിന് സമർപ്പിച്ചിട്ടുണ്ട്. ഇത് ബോർഡ് പരിശോധിച്ചു വരികയാണ്.<br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൻെറ ലോ ടെൻഷൻ വിതരണ ശൃംഖലയുടെ സുപ്രധാന ഘടകമായ വൈദ്യുതി തൂണുകളുടെ അനധികൃത ഉപയോഗം തടഞ്ഞ് പ്രസ്തുത പോസ്റ്റുകൾ ഉപയോഗപ്പെടുത്തി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൻെറ വരുമാനം വർദ്ധിപ്പിക്കൽ, മാലിന്യ നിയന്ത്രണം, Clean Kerala എന്ന ആശയപ്രചരണം എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി Clean Kerala Company Limited ആവിഷ്ക്കരിച്ച പദ്ധതിയാണിത്. എൽ. റ്റി പോസ്റ്റുകളുടെ ചുവടെ SMC material ഉപയോഗിച്ച് നീളം 3 മീറ്ററിൽ കവിയാത്ത വിധം പോസ്റ്റിന് cladding ഏർപ്പെടുത്തുകയും പരസ്യങ്ങൾ സന്ദേശങ്ങൾ എന്നിവ നിശ്ചിത കാലത്തേയ്ക്ക് മുൻകൂട്ടി നിശ്ചയിച്ച താരിഫ് അനുസരിച്ച് cladding ൻെറ പുറത്ത് പ്രദർശിപ്പിക്കുവാനുള്ള അനുമതി നൽകുകയും ചെയ്യുക എന്നുള്ളതാണ് പദ്ധതിയിലെ നിർദ്ദേശങ്ങളിൽ ഒന്ന്. ഇതിൻെറ അടുത്ത ഘട്ടമായി ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലേയ്ക്കും പ്രസ്തുത പരിപാടി വ്യാപിപ്പിക്കുന്നതിനുള്ള നിർദ്ദേശവും റിപ്പോർട്ടിലുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ; | |
| (സി) | ഏതെല്ലാം വകുപ്പുകളുമായി സഹകരിച്ചാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് എന്നറിയിക്കുമോ ? | (സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കേരള സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനാണ് feasibility report വിഭാവനം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ.